# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം.

ഞങ്ങളുടെ വിദ്യാലയത്തെ അക്കാദമിക മികവിന്റെ കേന്ദ്രമാക്കാൻ എന്തെല്ലാം പരിപാടികൾ ആവിഷ്കരിക്കണമെന്ന് എസ്.ആർ.ജി ചേർന്ന് ചർച്ച ചെയ്തിരുന്നു. തുടർന്ന് പി.ടി.എ, ഒ.എസ്.എ, എം.ടി.എ, എസ്.എസ്.ജി എന്നിവയിലെ അംഗങ്ങൾ പങ്കെടുത്ത യോഗം ചേർന്നു. യോഗത്തിൽ വന്ന അഞ്ച് വർഷത്തെ മേഖലകളിലും സമഗ്ര വികസനത്തിന് ആവശ്യമായ പദ്ധതികൾ ചർച്ച ചെയ്തു. 2025 - 2026 അധ്യയന വർഷത്തിൽ 5-ാം ക്ലാസ്സിൽ 6, 6-ാം ക്ലാസ്സിൽ 8, 7-ാം ക്ലാസ്സിൽ 5 ഉം വിദ്യാർത്ഥികളാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ആകെ 19 വിദ്യാർത്ഥികളിൽ 10 പേർ സ്വന്തമായി വായിക്കാനും എഴുതാനും കഴിവുള്ളവരാണ്.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാനും അതോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളുടെ അടിസ്ഥാനശേഷി വികസനത്തിനും ഗണിതത്തിലെ ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിനും വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് ചർച്ചയിൽ ഉയർന്നിരുന്നു.

## പൊതുലക്ഷ്യങ്ങൾ

* പഠിതാ കുട്ടികളിലെ ന്യൂനതാവശ്യങ്ങൾ എന്തെന്ന് ഉറപ്പുവരുത്തുക.
* കുട്ടികളുടെ മാതൃഭാഷ നിലവാരം കൂട്ടുക.
* ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുക.
* സർഗാത്മക രചനകളിൽ ഏർപ്പെടാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.
* ശാസ്ത്രാഭിരുചി വളർത്തുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഉണ്ടാക്കുക.
* ഐ.ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക.
* ഗണിതത്തിലെ ചതുഷ്ക്രിയകൾ സ്വായത്തമാക്കുക. പ്രകൃതിയിലെ രൂപങ്ങൾ ഗണിതവുമായി ബന്ധപ്പെടുത്തി പ്രായോഗിക തലത്തിൽ ചിന്തിക്കാൻ കഴിവ് നേടുക.
* പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് നേടുക.
* ആൺ-പെൺ വിവേചനമില്ലാതെ അവസര തുല്യത ഉറപ്പുവരുത്തുക.
* പരിസ്ഥിതി സൗഹൃദ അന്തരീക്ഷം വിദ്യാലയത്തിൽ ഒരുക്കുക.

# സ്കൂളിന്റെ ചരിത്രം.

ഒരു ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്കാരിക ചരിത്രത്തെയും ജീവിതരീതികളെയും സ്വാധീനിച്ച കാഞ്ഞാണി സെന്റ്-തോമസ് യു.പി സ്കൂൾ. 1948 ജൂൺ-1ന് സ്ഥാപിതമായി. കാഞ്ഞാണി സെന്റ് തോമസ് പള്ളിയുടെ മേൽനോട്ടത്തിൽ ആരംഭിച്ച ഈ സ്കൂൾ ഇപ്പോൾ 71-ാം വർഷം പിന്നിട്ടു കഴിഞ്ഞു. 77 വിദ്യാർത്ഥികളായിരുന്നു ആദ്യ ബാച്ചിലുണ്ടായിരുന്നത്. 1948-ൽ ഈ സ്കൂൾ നിലനിൽക്കുന്ന സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചു. ശ്രീ വർക്കി കാരേംപറമ്പിൽ പൗലോസ് മാസ്റ്ററുടെ ഉണ്ണിയുടെ വീട്ടിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1948-1977 വരെ ശ്രീ വർക്കി കാരേംപറമ്പിൽ ചാക്കു മാസ്റ്റർ ആയിരുന്നു സ്കൂളിന്റെ മാനേജർ. പള്ളി വകയിലെ ഈ വിദ്യാലയത്തിലെ പ്രഥമ ഹെഡ്മിസ്ട്രസ്സ് ടി. വി. ത്രേസ്യാമ്മയായിരുന്നു.

5, 6, 7 എന്നീ ക്ലാസുകളിൽ 2 ഡിവിഷൻ വീതം 6 ക്ലാസുകളാണ് ഈ സ്കൂളിൽ പ്രവർത്തിച്ചിരുന്നത്. സംസ്കൃതത്തിനും ഹിന്ദിക്കും രണ്ട് അദ്ധ്യാപകരടക്കം മൊത്തം 8 അധ്യാപകരാണ് ഉണ്ടായിരുന്നത്. കൂടാതെ ഒരു പ്യൂണും തൂപ്പുകാരിയും ഉണ്ടായിരുന്നു. സ്റ്റാഫ്.

ഒരു ഹൈസ്കൂളായി വളരാൻ വേണ്ട സാഹചര്യവും സ്ഥലസൗകര്യവും ഇവിടെ ഉണ്ട്. ഇപ്പോഴ-ത്തെ മാനേജർ ശ്രീ. ബി.സി ബാബുവും, പ്രധാനാധ്യാപികയുടെ ഇൻ-ചാർജ്ജുമായ സിജി. K.J യും ആണ്. ഇന്ന് ഈ വിദ്യാലയം ഭൗതിക സാഹചര്യങ്ങളുടെ അഭാവം നിമിത്തം കുട്ടികളുടെ പരിമിതാവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഈ സ്കൂളിലെ ലോവർ പ്രൈമറി ക്ലാസുകളുടെ അഭാവവും സമീപത്തു സ്കൂളുകളിൽ ഹൈസ്കൂൾ ക്ലാസുകളുടെ ആരംഭവും വാഹന സൗകര്യങ്ങളും മൂലം ഇവിടത്തെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നു. ഇന്ന് ഇവിടത്തെ കുട്ടികളുടെ എണ്ണം 19 ആണ്. 4 അധ്യാപകരും പി.ടി.സി.എമ്മും ഒരു പാചകത്തൊഴിലാളിയും അടങ്ങുന്നതാണ് ഇവിടത്തെ സ്റ്റാഫ്. സ്കൂളിന്റെ ഉന്നതി ലക്ഷ്യമാക്കി അധ്യാപകർ ആത്മാർത്ഥമായ പരിശ്രമം നടത്തുന്നുണ്ട്. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ!

മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും, അനായാസം സംസാരിക്കുവാനും അവസരം നൽകുന്നു. | Lend your Ear – ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can ! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശീലിക്കുവാൻ അവസരം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |

മേഖല: യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Missing Man അധ്യാപികയും, വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളുണ്ടാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്താണ് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ. | |

മേഖല വിഷയം. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the foreigner എന്ന് ടോക്ക് സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) 15 വാക്യ വായന ഉറപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്ന് സങ്കീർണ്ണതയിലേക്ക്.) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി- | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ. | |

മേഖല: ഹായ് ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കണ്ടെത്തുന്നവർക്ക് പരിപാടിയായി എത്തിയവരുടെ ഉത്തരങ്ങൾ കിട്ടുക്കാൻ സാധിക്കുകയും, ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ശബ്ദരൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | ടേമിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ. | |
| | Reader of the month. ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ. | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets. കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ. | |

മേഖല വി.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Alert zone സൂചന ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time - Funda കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ ആഴ്ചതോറും ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ. | |

മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥാപറച്ചിൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ ചേർന്ന ലേഖകരായി എല്ലാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി, ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ<br>PTA ഭാരവാഹികൾ<br>രക്ഷിതാക്കൾ | |

ഉപമേഖല : മലയാളം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| → ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | → ജൂൺ മാസം | മലയാളം അധ്യാപകർ. | |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്</u><br>→ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| → പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | <u>വായനാലോകത്തേക്ക്</u><br>→ പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും. | മലയാളം ക്ലബ്ബ് | |
| | <u>വാർത്താവായന</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായനയിൽ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| → പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററു-ചാർട്ടുകൾ ഉണ്ടാക്കുന്നതിനും തുടർന്ന് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകൽ.<br>→ കഥ, കവിതാ രചന തുടങ്ങിയ മേഖലകളിൽ കുട്ടികളെ നിരന്തരം പ്രോത്സാഹിപ്പിച്ച് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | അക്കാദമിക വർഷം | പി.ടി.എ<br>സ്കൂൾ | പി.ടി.എ |
| → മലയാളം ടൈപ്പിംഗ് പഠിക്കലും അതിലൂടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കലും. | → ഈ കമ്പ്യൂട്ടറിന്റെ മുഴുവൻ കുട്ടികളെയും മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുന്നു. സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | | മലയാളം<br>ഐ.ടി<br>അധ്യാപകർ | പി.ടി.എ |

2025

# ഉപഭാഷ : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും പറയാനും വായിക്കാനും ഉള്ള ശേഷി ഉറപ്പിക്കൽ | * അക്ഷരം ഹിന്ദിയിൽ<br>* ചിത്രം ... വിശദീകരണം<br>* അക്ഷര കാർഡ്, വാക്കുകൾ ഹിന്ദിയിൽ കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമാല കളികൾ<br>* വാക്കുകൾ ഉപയോഗിച്ചുള്ള കളികൾ<br>* വാക്യങ്ങൾ നിർമ്മാണം<br>* വാക്യങ്ങളിലൂടെ നിർമ്മാണം | ഹിന്ദി അധ്യാപിക | ജൂൺ - ആഗസ്റ്റ് | BRC<br>PTA |
| കുട്ടികളിൽ സർഗ്ഗാത്മക ശേഷികൾ വളർത്താനും അവസരങ്ങൾ | * ഹിന്ദിയിൽ പോസ്റ്റർ തയ്യാറാക്കൽ<br>* മാഗസിൻ നിർമ്മാണം<br>* ഹിന്ദി അസംബ്ലി<br>* ഹിന്ദി ഫെസ്റ്റ് | ഹിന്ദി അധ്യാപിക | സെപ്റ്റംബർ - ഡിസംബർ | DIET |
| ICT സാധ്യത ഉപയോഗപ്പെടുത്തി പഠനം മെച്ചപ്പെടുത്തൽ | * ഇന്റർനെറ്റ് സഹായത്തോടെ കവിതകൾ പാട്ടുകൾ കേൾപ്പിക്കൽ<br>* ... ഹിന്ദി ... വീഡിയോ കാണിക്കൽ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് slide കൾ തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൽ | ഹിന്ദി അധ്യാപിക, കുട്ടികൾ | ജനുവരി - മാർച്ച് | PTA |

ഉപമേഖല : സംസ്കൃതം.

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| → സംസ്കൃതത്തിൽ എഴുതുവാനും വായിക്കാനും ശേഷി നേടൽ. | → അക്ഷരമാലയിലെ ഓരോ അക്ഷരവും ആവർത്തിച്ച് എഴുതിപഠിപ്പിച്ചും കാണാതെ എഴുതിപ്പിച്ചും ഉച്ചാരണ ശുദ്ധിയോടെ പറഞ്ഞു മനസ്സിലാക്കൽ<br>→ അക്ഷരമാല ചാർട്ടുകൾ പ്രദർശിപ്പിക്കൽ അക്ഷരമാല, ചിഹ്നങ്ങൾ എന്നിവയുടെ കാർഡുകൾ ഉപയോഗിച്ച് കൂട്ടിവായിക്കൽ. ഉദാ: (ക, കാ, കി, കീ, കു, കൂ) | ജൂൺ | സംസ്കൃതം അധ്യാപിക | പി.ടി.എ ഫണ്ട് |
| → വാചക രചന, പദം ചേർക്കൽ, വിഗ്രഹം, സമാനപദം മനസ്സിലാക്കൽ.<br>→ ചെറിയ രീതിയിൽ വ്യാകരണം പരിശീലിപ്പിക്കൽ | → പാഠഭാഗം വായിപ്പിക്കൽ<br>→ കഥ, കവിത, എന്നിവ വായിപ്പിക്കാൻ പ്രോത്സാഹിപ്പിക്കൽ. | ജൂലൈ മുതൽ സെപ്തംബർ. | സംസ്കൃതം അധ്യാപിക. | |
| → സംസ്കൃതം ദിനത്തിൽ ക്വിസ് സംഘടിപ്പിക്കൽ. | → പുതിയ സംസ്കൃത പദങ്ങളും അവയുടെ ചിത്രങ്ങളും പരിചയപ്പെടുത്തൽ ശേഖരമാക്കൽ.<br>→ നിത്യജീവിതത്തിൽ ആവശ്യമായ കാര്യങ്ങൾ സംസ്കൃത ഭാഷയിൽ സംസാരിക്കാൻ പറഞ്ഞും അഭിനയിച്ചും അഭിനയിപ്പിച്ചും സ്വന്തം പ്രാപ്തരാക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ നവംബർ | സംസ്കൃതം അധ്യാപിക.<br>,, എസ് ആർ ജി. | → പി.ടി.എ ഫണ്ട് |
| → I.C.T സാധ്യത ഉപയോഗപ്പെടുത്തൽ ശേഖരിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജനുവരി ഫെബ്രുവരി | സംസ്കൃതം അധ്യാപിക, എസ് ആർ ജി. | → പി.ടി.എ ഫണ്ട്<br>→ ഒ.എസ്.എ ഫണ്ട് |

# ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ജീവിത സാഹചര്യങ്ങളിൽ നിന്നും, ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | . വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ. കുട്ടികൾ ചെടികൾ സന്ദർശനം ഇലകൾ കൊണ്ടുള്ള ആൽബം തയ്യാറാക്കൽ | സയൻസ് ടീച്ചർ സയൻസ് ക്ലബ് | ജൂൺ ആഗസ്റ്റ് | പിടിഎ |
| • ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും, സ്വതന്ത്രമായി ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനുമുള്ള ശേഷി കൈവരിക്കൽ | . നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | S.R.G കൺവീനർ | അക്കാദമിക വർഷം | പിടിഎ |
| | • ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുന്നു. | | | |
| | • പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | സയൻസ് ടീച്ചർ | | [illegible]-ഗ്രാന്റ് |

| | | | | |
|---|---|---|---|---|
| • ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്ന പ്രവർത്തികൾ കണ്ടെത്തൽ. | • ചോദ്യാവലി തയ്യാറാക്കൽ<br>• പോസ്റ്ററുകൾ പ്രദർശിപ്പിക്കൽ<br>• പ്ലാസ്റ്റിക് കവറിനു പകരം പേപ്പർ കവർ നിർമ്മിക്കൽ<br>• ജൈവ-അജൈവ മാലിന്യം തരംതിരിച്ച് ശേഖരിക്കാനുള്ള സംവിധാനം.<br>• ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പതിപ്പുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രമേളനവും സംഘടിപ്പിക്കുന്നു | സയൻസ് ടീച്ചർ<br>ഫോറസ്റ്റ് ക്ലബ് | അക്കാദമിക വർഷം | പിടിഎ |
| • ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | • ICT യുടെ സഹായ-ത്തോടെ ശാസ്ത്രവിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ തയ്യാറാക്കൽ | | അക്കാദമിക വർഷം | 3 മാസം |

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വയം വിലയിരുത്തൽ |
|---|---|---|---|---|
| → സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ തയ്യാറാക്കാനും ചെയ്യുന്നതിലുള്ള ശേഷി കൈവരിക്കൽ | → ഭൂമിയെക്കുറിച്ചും കാലാവസ്ഥ മാറ്റത്തെയും സൗരയൂഥത്തിലെ ഗ്രഹങ്ങളെ പറ്റിയും കൂടുതൽ കാര്യങ്ങൾ കണ്ടെത്തുന്നു.<br>→ ഓരോ സംസ്കാരങ്ങളും അവിടുത്തെ സവിശേഷതകളും ചിത്രങ്ങളുടെ സഹായത്തിൽ പരിചയപ്പെടുന്നു.<br>→ ഭൗമ സമയ വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞ് അവ ബോധ്യത്തോടെ പെരുമാറുന്നു.<br>→ ഓരോ നാടിനും ഉണ്ടാകുന്ന ദുരന്തനിവാരണങ്ങളുടെ ഉൾപ്പെടുത്തിലേക്ക് നയിക്കുന്ന തിരിച്ചറിവുകളും ആശയങ്ങളും മാർഗ്ഗങ്ങളും പരിചയപ്പെടുന്നു. | ജൂൺ ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| | → ദിനാചരണമായും രാഷ്ട്രവും ഗവൺമെന്റും മറ്റും [illegible] വ്യത്യാസങ്ങളും ഒന്നു പോലെ, നേതാക്കന്മാരുടെ മനസ്സിലാക്കി അതിനോട ചിലത് പോസ്റ്ററായി ഉള്ള പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട [illegible] വിളംബരങ്ങളിലേക്ക് [illegible] ഏറ്റെടുക്കുന്നു. | സെപ്തംബർ നവംബർ | | |
| → സാമൂഹ്യശാസ്ത്ര പഠനോപകരണങ്ങൾ | ഉപയോഗശൂന്യമായ | | | |

| | | | | |
|---|---|---|---|---|
| നിർമ്മിക്കാനുള്ള കഴിവ് നേടൽ | പ്ലാസ്റ്റിക് വസ്തുക്കളോ, മറ്റോ ഉപയോഗിച്ച് സാമൂഹ്യ-ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മോഡലുകൾ അധ്യാപികയുടെയും കുട്ടി-കളുടെയും സഹായത്തോടെ നിർമ്മിക്കുന്നു. | | | |
| | →ലഹരി വിരുദ്ധമനോഭാ-വം, മദ്യം, പുകവലി, മയക്കുമരുന്ന് ലഹരി പദാർത്ഥങ്ങൾ എന്നിവ-യുടെ ഉപയോഗം ചുറ്റു-പാടിനെയും ആരോ-ഗ്യം തകർക്കുന്ന തിരിച്ച-റിവ് കുട്ടികൾക്ക് നൽകു-വാനായി, പ്ലക്കാർ-ഡുകൾ, ചിത്രങ്ങൾ, റാലി, പോസ്റ്ററുകൾ ചാർട്ടുകൾ തുടങ്ങിയവ നിർമ്മിക്കുന്നു. | ആരോഗ്യ ശീലം. | | |
| | →സെമിനാർ സംഘടിപ്പിക്കൽ | മാനസിക | | |
| | →ക്ലബ്, അറ്റ്ലസ് നിർ-മ്മാണം സോഷ്യൽ സയൻ-സ് ക്ലബിന്റെ ആഭിമുഖ്യത്തി-ൽ നടത്തുന്നു. | | സാമൂഹ്യ ശാസ്ത്ര ക്ലബ്. | |
| →സാമൂഹ്യശാസ്ത്രവു-മായി ബന്ധപ്പെട്ട് പൊതു സമൂഹത്തെ ബോധവൽക്ക-രിക്കാനുള്ള പദ്ധതികൾ കണ്ടെത്തൽ | ദിവസവും കുറച്ച് ചോദ്യ-ങ്ങൾ ന്യൂസ്പേപ്പറിൽ നിന്നും കണ്ടെത്തി സ്കൂൾ അസംബ്ലിയിൽ വായിക്കുന്നു. | പ്രതി ദിനം | | |
| | →അവരിലെ പൊതുവി-ജ്ഞാനത്തെ ഉണർത്തുന്നു. | പ്രതി ദിനം | | |
| | →സമൂഹത്തിലെ നിയമ നടപടികളെയും പൊതു ചട്ടങ്ങളെയും അറിയാൻ ആവശ്യമായ ക്ലാസുകൾ നൽകുന്നു. | [illegible] | | |

## മേഖല യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മിഠായികൾ, ഫ്ലാഷ് കാർഡ് ... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത - അധ്യാപിക | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല.<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ ആകൃതികൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഗണിത അധ്യാപിക | |

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം. | ഗണിത അധ്യാപികയും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ഗണിതം രസകരമാക്കൽ | ഗണിത പാർക്ക്. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് പി. ടി. എ. |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ. | ഗണിത ഗ്രാമം. ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ. | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ. | പി.ടി.എ |

മേഖല തിരിച്ചു ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചാർട്ടുകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക. | |
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്.<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8. വിവിധ ശേഷികളുടെ വികസനം. | ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |